**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

ഹാജർ:അനിഷ വിജയൻ (പെൻ:187132)

ക്ഷീരവികസന വകുപ്പ്-ജീവനക്കാര്യം- അട്ടപ്പാടി ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ ശ്രീ.സെബാസ്റ്റ്യൻ.കെ.ജെ(PEN.906721) ഓഫീസ് അറ്റൻഡന്റിനെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ക്ഷീര വികസന യൂണിറ്റിലേക്ക് സ്ഥലംമാറ്റം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

നം.DDDKER/1575/2026-E3 തിരുവനന്തപുരം, തീയതി:30-09-2026

പരാമർശം 1. 02-12-1991 തീയതിയിലെ സ ഉ(അച്ചടി )നം 36/1991 /P&ARD നമ്പർ ഉത്തരവ്

2) 17-12-2024 തീയതിയിലെ സ ഉ(അച്ചടി )നം 13/2024 /P&ARD നമ്പർ ഉത്തരവ് .

3) 05-08-2026 തീയതിയിലെ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടറുടെ DDALP/519/2026-A നമ്പർ കത്ത് .

4) 11-08-2026 തീയതിയിലെ ശ്രീ.സെബാസ്റ്റ്യൻ.കെ.ജെ യുടെ സമർപ്പണം

5) 02.09.2026 തീയതിയിലെ പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ DDPKD/850/2026-CA നമ്പർ കത്ത്

**ഉത്തരവ്**

അട്ടപ്പാടി ക്ഷീരവികസന യൂണിറ്റിലെ ഓഫീസ് അറ്റൻഡറായ ശ്രീ.സെബാസ്റ്റ്യൻ.കെ.ജെ യ്ക്ക് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ക്ഷീരവികസന യൂണിറ്റ് ഓഫീസിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റം നൽകണം എന്ന് പരാമർശം 4 & 5 എന്നിവ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം -3- പ്രകാരം ഹരിപ്പാട് ക്ഷീരവികസന യൂണിറ്റിൽ ഒരു ഒഴിവ് ഉള്ളതായി ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ പരാമർശം 1,2 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അട്ടപ്പാടി ക്ഷീരവികസന യൂണിറ്റ് ഓഫീസിലെ ഓഫീസ് അറ്റൻഡറായ ശ്രീ.സെബാസ്റ്റ്യൻ.കെ.ജെ-യെ( പെൻ നം. 906721) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ക്ഷീര വികസന യൂണിറ്റിലേക്ക് സ്ഥലംമാറ്റം നൽകി ഉത്താരവാകുന്നു.

ടി-യാൾ ഹരിപ്പാട് ക്ഷീരവികസന യൂണിറ്റിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ അപ്രൂവ്ഡ് പ്രൊബേഷണർ വിഭാഗത്തിലെ ഏറ്റവും ജൂനിയർ ആയിട്ടാകും പരിഗണിക്കുന്നത് .

Digitally signed by
Anisha Vijayan
Date: 30-09-2026
13:18:39

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

To ശ്രീ.സെബാസ്റ്റ്യൻ.കെ.ജെ, ഓഫീസ് അറ്റൻഡന്റ് (മേലധികാരി മുഖേനെ )

പകർപ്പ്:- 1) ഡയറക്ടർ ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവരുടെ മേശപ്പുറത്ത്

2) ഡെപ്യൂട്ടി ഡയറക്ടർ പാലക്കാട്/ആലപ്പുഴ(അനന്തര നടപടിക്കായി )

3) സൂപ്രണ്ട് ഇ

4) ഡി. എഫ്. എ (ഐ ടി സെൽ)

5) സഞ്ചയം